29-10-2022 പ്രഭാതമുരളി ഓം ശാന്തി ബാപ്ദാദ മധുബന്

മധുരമായ കുട്ടികളേ - വജ്രതുല്യമായ ജീവിതം നല്കുന്ന ബാബയെ വളരെ സന്തോഷത്തോടെ ഓര്മ്മിക്കൂ, എങ്കില് തുരുമ്പ് ഇല്ലാതാകും.

ചോദ്യം :- ആരാണ് മാലയിലെ മുത്താകുന്നത്, അതിനുള്ള പുരുഷാര്ത്ഥമെന്താണ്?

ഉത്തരം :- ആര്ക്കാണോ അന്തിമസമയത്ത് മറ്റാരുടെയും ഓര്മ്മ വരാത്തത് അവരാണ് മാലയിലെ മുത്തായി മാറുന്നത്. അങ്ങനെയുള്ള കുട്ടികള് കര്മ്മാതീത അവസ്ഥ പ്രാപിക്കുകയും മാലയിലെ മുത്തായി മാറുകയും ചെയ്യും. ചിലര് വളരെ വലിയ ധനവാനായിരിക്കും. അനേകം വ്യവസായങ്ങളെല്ലാം ഉണ്ടായിരിക്കും... അപ്പോള് അതെല്ലാം തന്നെ മറക്കണം. ഒന്നിലും മമത്വമുണ്ടാവരുത്. എന്റെ, എന്റെ.... എന്നുണ്ടാവരുത്. ഇതെന്റെ ആത്മീയ സഹോദരനാണ്, ഈയൊരു ആത്മീയസംബന്ധം മാത്രം മതി, മറ്റൊരു സംബന്ധവും പാടില്ല. ഇങ്ങനെയുള്ള ആത്മീയസംബന്ധമുള്ളവര്, എല്ലാം മറക്കുന്നവര് തന്നെയാണ് മാലയിലെ മുത്താകുന്നത്.

ഓം ശാന്തി. ആത്മീയപിതാവ് ആത്മീയകുട്ടികള്ക്ക് മനസ്സിലാക്കിത്തരികയാണ്. ഇത് പക്കാ നിശ്ചയമുണ്ടായിരിക്കണം-നമ്മള് ആത്മാവാണ്, പരമാത്മാപിതാവിന്റെ മക്കളാണ്,അതുകൊണ്ട് എല്ലാവരും സഹോദരങ്ങളാണ്-സഹോദരങ്ങള്ക്ക് ബാബ നിര്ദ്ദേശം നല്കുകയാണ്-പതിതപാവനനായ എന്നെ ഓര്മ്മിക്കൂ. ഓര്മ്മിക്കുന്നുണ്ടോ അതോ ബുദ്ധിയോഗം പലസ്ഥലത്തും അലയുകയാണോ? മായ തീര്ച്ചയായും അലയിപ്പിക്കും. ആഗ്രഹിക്കുന്നില്ലെങ്കില് പോലും ബുദ്ധി അവിടെയുമിവിടെയും ഓടിക്കൊണ്ടിരിക്കും. കുട്ടികള് തന്റെ ഉള്ളില് ചിന്തിച്ചുകൊണ്ടിരിക്കണം-ബാബ നമുക്ക് സൃഷ്ടിചക്രത്തിന്റെ ജ്ഞാനം നല്കിയിരിക്കുകയാണ്, 84 ജന്മത്തിന്റെ കഥ പഠിപ്പിച്ചു. ഈ 84 ജന്മത്തിന്റെ ചക്രം പൂര്ത്തിയായിരിക്കുന്നു. നമ്മള് വീണ്ടും വീട്ടിലേക്കു തിരിച്ചുപോവുകയാണ്. അനേകം തവണ നമ്മള് ഓര്മ്മയുടെ യാത്രയിലൂടെ പവിത്രമായി വീട്ടിലേക്കു പോയിട്ടുണ്ട്. നിങ്ങളുടെ ബുദ്ധിയിലുമുണ്ട്-നമ്മളെല്ലാം സഹോദരങ്ങളാണ്. ഇതില് ശരീരത്തിന്റെ കാര്യമൊന്നുമില്ല. നിങ്ങള് ഈ ശരീരത്തെ ഓര്മ്മിക്കരുത്. നമ്മള് ആത്മാക്കളാണ്-നമ്മള് തന്നെയാണ് പാവനവും സതോപ്രധാനവും ആയിരുന്നത്, ഇപ്പോള് പതിതമായിരിക്കുന്നു. അതുകൊണ്ട് വജ്രതുല്യജീവിതം നല്കുന്ന ബാബയെ സന്തോഷത്തോടുകൂടി ഓര്മിക്കണം. ഇതിലൂടെ ആത്മാവില് പറ്റിപ്പിടിച്ചിരിക്കുന്ന തുരുമ്പിന്റെ കറ ഇളകിപ്പോകും-അതുകൊണ്ട് ബാബ മനസിലാക്കിത്തരുന്നു-കുട്ടികളേ, ആദ്യമാദ്യം സ്വയത്തെ ആത്മാവാണെന്നു മനസിലാക്കൂ. ഇതുതന്നെയാണ് വിജ്ഞാനം(യോഗം) എന്തുകൊണ്ടെന്നാല് ആത്മാവിന് ജ്ഞാനത്തിനുപരിയായി വിജ്ഞാനത്തില് ശാന്തമായ വീട്ടിലേക്ക് പോകണം. ആത്മാവിന്റെ സ്വധര്മ്മവും ശാന്തിയാണ്. വീടും ശാന്തിധാമമാണ്. അതുകൊണ്ട് ആദ്യം നമുക്ക് അവിടെ എത്തിച്ചേരണം. ബാബയും അവിടെ നിന്നാണ് വന്നത്. എന്നാല് മനുഷ്യര്ക്ക് ഈ കാര്യങ്ങളെക്കുറിച്ചൊന്നും അറിയില്ല.

ഇതെല്ലാം പരംപിതാപരമാത്മാവ് സന്മുഖത്തിരുന്ന് മനസ്സിലാക്കിത്തരുന്നു, കുട്ടികളെ-ഞാന് പരംധാമത്തില് നിന്നും നിങ്ങള് കുട്ടികളുടെ അടുത്തേക്ക് വന്നിരിക്കുകയാണ്-ഡ്രാമാ പ്ലാന് അനുസരിച്ച് എന്തിനു വേണ്ടിയാണ് വന്നിരിക്കുന്നത്? നിങ്ങളെ തിരിച്ചുകൊണ്ടുപോകാന് വേണ്ടി. ഇപ്പോള് നിങ്ങള് പതിതരും വികാരികളുമായി മാറിയിരിക്കുന്നു. ജന്മജന്മാന്തരങ്ങളായി വികാരത്തിലൂടെയാണ് ജന്മമെടുത്തത്. അതുകൊണ്ട് ഭ്രഷ്ടാചാരി എന്നും പറയപ്പെടുന്നു. അപ്പോള് നമ്മള് ഭ്രഷ്ടാചാരിയില് നിന്ന് ശ്രേഷ്ഠാചാരിയായി മാറുന്നതെങ്ങനെയാണ്-ഇതാണ് ബാബ മനസ്സിലാക്കിത്തരുന്നത്. കുട്ടികളേ എന്നെ ഓര്മ്മിക്കുകയാണെങ്കില് പവിത്രവും ശ്രേഷ്ഠാചാരിയുമായി മാറും. ഈ ഓര്മ്മയിലിരുന്നുകൊണ്ടു തന്നെ നിങ്ങള്ക്കെല്ലാ ജോലിയും ചെയ്യാന് സാധിക്കും. അല്ലാതെ ജോലികള് ചെയ്യാന് സാധിക്കില്ല എന്നൊന്നുമില്ല.

കുട്ടികള് ബാബയോടു ചോദിക്കുന്നു-ബാബാ മാലയിലെ മുത്തായി മാറുന്നത് ആരാണ്? കുട്ടികളേ, ആരാണോ കര്മ്മാതീത അവസ്ഥ പ്രാപിക്കുന്നത് അവരാണ് മാലയിലെ മുത്തായി മാറുന്നത്. അവര്ക്ക് അന്തിമസമയത്ത് ഒന്നിനെക്കുറിച്ചും ഓര്മ്മയുണ്ടാവില്ല. ചിലര് വലിയ ധനവാന്മാരായിരിക്കും, വ്യവസായസ്ഥാപനങ്ങളെല്ലാം

അനേകമുണ്ടായിരിക്കും. അതുകൊണ്ട് അതെല്ലാം മറക്കേണ്ടതായി വരും. നിങ്ങളുടെ അടുത്താണെങ്കില് ഒന്നുമില്ല. നിങ്ങള്ക്കറിയാം നമ്മള് ബാബയുടെ സന്താനങ്ങളാണ്. സഹോദരങ്ങളാണ്. നമ്മള്ക്ക് ആരോടും മമത്വമില്ല. എന്റെ, എന്റെ എന്നതില്ല. ഇത് സഹോദരാത്മാവാണ്. ഈയൊരു സംബന്ധം മാത്രമാണ്. മറ്റൊരു സംബന്ധവുമില്ല. ഇതിനെയാണ് പറയുന്നത് ആത്മീയസംബന്ധം. ഇത്രയും ആയുഷ്കാലം ദേഹത്തിനെത്തന്നെയാണ് ഓര്മ്മിച്ചത്. ആത്മാവിനെക്കുറിച്ച് ആര്ക്കും ഓര്മ്മയുണ്ടായിരുന്നില്ല. ഇതും ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം ബാബ മനസ്സിലാക്കി തന്ന്, പാവനമായി മാറാനുള്ള പുരുഷാര്ത്ഥവും ചെയ്യിക്കുന്നു. ബാബ നിങ്ങള് കുട്ടികള്ക്ക് സമയവും നല്കുന്നുണ്ട്. കേവലം 8 മണിക്കൂര് എന്നെ ഓര്മ്മിക്കൂ. അത് പരിധിയുള്ള സേവനമാണ്, ഇത് മുഴുവന് വിശ്വത്തിന്റെയും സേവനമാണ്. തീര്ച്ചയായും കഴിക്കണം, കുടിക്കണം, ഉറങ്ങണം, കറങ്ങണം... മുഴുവന് ദിവസമൊന്നും ആര്ക്കും ഓര്മ്മയിലിരിക്കാന് സാധിക്കില്ലല്ലോ. നിങ്ങളിപ്പോള് പരിധിയില്ലാത്ത സേവനമാണ് ചെയ്യുന്നത്. ഏതുപോലെയാണോ ബാബ വിചാരസാഗരമഥനം ചെയ്യുന്നത് അതേ പോലെ നിങ്ങളെയും മഥനം ചെയ്യാന് പഠിപ്പിക്കുന്നു. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമല്ലേ. അതുകൊണ്ട് നിങ്ങള്ക്ക് ചെയ്തുകാണിച്ച് പഠിപ്പിക്കുന്നു. പുരുഷാര്ത്ഥം ചെയ്തുചെയ്ത് നിങ്ങള് വിജയമാലയില് കോര്ക്കപ്പെടുന്നു. സത്യ-ത്രേതായുഗത്തില് വരുന്നവര് വിജയികളായി മാറുന്നു. പിന്നെ എല്ലാ അഭിനേതാക്കളും ഈ നാടകത്തില് പാര്ട്ട് അഭിനയിക്കാന് വേണ്ടി ക്രമാനുസരണം വരുന്നു. എല്ലാവരും ഒന്നിച്ചൊന്നും വരില്ല. നിങ്ങള് എല്ലാ അഭിനേതാക്കളുടെയും വാസസ്ഥാനം ബ്രഹ്മലോകമാണ്. അവിടുന്നും ഇങ്ങോട്ട് വന്ന് ശരീരമെടുക്കുകയാണ്. ഈ കാര്യങ്ങളെല്ലാം വളരെ സഹജമാണ്. ഇതു നിങ്ങള് കുട്ടികള്ക്കു മാത്രമാണ് ഓര്മ്മയുണ്ടാകുന്നത്. നിങ്ങളുടെ വീട്, മധുരമായ വീട് ശാന്തിധാമമാണ്. മറ്റാരും തന്റെ വീടിനെക്കുറിച്ച് അറിയുന്നില്ല. നമ്മള് ലയിച്ചുചേരുമെന്നാണ് അവര് മനസ്സിലാക്കുന്നത്. ഏതുപോലെ സമുദ്രത്തില് നിന്ന് കുമിളകള് പൊന്തി വരുന്നു പിന്നെ അതില് തന്നെ ചേരുകയും ചെയ്യുന്നു-അതുപോലെ നമ്മളും ആ ബ്രഹ്മത്തില് പോയി ലയിക്കുമെന്ന് അവര് പറയുന്നു. എവിടെ നോക്കുന്നുവോ അവിടെയെല്ലാം ബ്രഹ്മം തന്നെ ബ്രഹ്മമാണെന്നും പറയുന്നവരുണ്ട്. അവര് ബ്രഹ്മത്തെത്തന്നെ ഈശ്വരനെന്നു മനസ്സിലാക്കുന്നവരാണ്. അതുകൊണ്ട് നിങ്ങള് പറയുന്ന കാര്യങ്ങളൊന്നും അവരുടെ ബുദ്ധിയിലിരിക്കുന്നില്ല. അവര് വിപരീതമായ കാര്യങ്ങള് പറയുന്നവരാണെന്ന് നിങ്ങള് മനസ്സിലാക്കുന്ന പോലെ, നിങ്ങളെയും അവര് മനസ്സിലാക്കുന്നത് അങ്ങനെയാണ്, കാരണം അവരുടെ ധര്മ്മം തന്നെ വ്യത്യസ്തമാണ്. എന്നാല് നിങ്ങള്ക്കറിയാം എല്ലാ ആത്മാക്കളും ശാന്തിധാമത്തിലേക്ക് തീര്ച്ചയായും പോകും. ബാക്കി ഓരോ ആത്മാക്കള്ക്കും അവരവരുടെതായ പാര്ട്ട് ലഭിച്ചിരിക്കുന്നു-ഇതിനെത്തന്നെയാണ് അത്ഭുതം എന്നു പറയുന്നത്. നിങ്ങള് കുട്ടികള് ഇപ്പോള് എത്ര സൂക്ഷ്മത്തിലേക്കാണ് പോകുന്നത്. ആത്മാവ് എത്ര ചെറിയതാണ്, എങ്ങനെയാണ് പാര്ട്ടഭിനയിക്കുന്നത്.... ഈ ജ്ഞാനമെല്ലാം ഏതുപോലെ ബാബയിലുണ്ടോഅതുപോലെ നിങ്ങള് കുട്ടികളിലുമുണ്ട്, ബാബ ജ്ഞാനസാഗരനാണ്, നിങ്ങളിപ്പോള് ജ്ഞാനവാനായി മാറിക്കൊണ്ടിരിക്കുകയാണ്. അവര് ഭക്തരാണ്-നിങ്ങളാണ് ജ്ഞാനികള്. ഭക്തനെന്നു പറഞ്ഞാല് രാത്രിയില് ജീവിക്കുന്നവര്. ജ്ഞാനിയെന്നു പറഞ്ഞാല് പകല് ജീവിക്കുന്നവര്. അരകല്പം നിങ്ങള് സുഖധാമത്തില് ജീവിക്കുന്നു. അരകല്പം ദു8ഖധാമത്തില് ജീവിക്കുന്നു. ഇതിനെയാണ് പറയുന്നത് ദീര്ഘവീക്ഷക ബുദ്ധിയെന്ന്, നിങ്ങളുടെ ബുദ്ധി ഇപ്പോള് വളരെ ദൂരദൂരത്തേക്ക് പോകുന്നു-നമ്മള് ആത്മാക്കള് മധുരമായ വീട്ടില്, ബ്രഹ്മാണ്ഡത്തില് വസിക്കുന്നവരാണ്-ബാബ ഈ മനുഷ്യസൃഷ്ടിയുടെ ബീജരൂപനാണ്. കാരണം ബാബ നോളജ്ഫുള്ളാണ്. ബാബയ്ക്ക് മുഴുവന് വൃക്ഷത്തിന്റെ ജ്ഞാനമുണ്ട്. നിങ്ങള് ഇപ്പോള് ശരീരബോധം ഇല്ലാതാക്കുന്നതിനു വേണ്ടി സ്വയം ആത്മാവാണെന്നു മനസിലാക്കുന്നു. മറ്റൊന്നും തന്നെ ഓര്മ്മയിലേക്ക് വരരുത്. പൂര്ണമായും ആത്മാഭിമാനിയായി മാറണം. ഞാന് ആത്മാവാണ്, ഞാന് ആത്മാവാണ്, ആത്മാവിന് ഓര്മ്മിക്കാനായി എന്റെ അടുത്ത് ഒന്നും തന്നെയില്ല. അന്തിമസമയത്ത് എന്താണോ സ്മരിക്കുന്നത്, എന്തെങ്കിലും സാധനങ്ങള് ഉണ്ടെങ്കില് തീര്ച്ചയായും അതുതന്നെ ഓര്മ്മ വരും. ഇതെല്ലാം വിചാരസാഗരമഥനം ചെയ്യേണ്ട കാര്യങ്ങളാണ്. അഥവാ എന്തെങ്കിലുമുണ്ടെങ്കില്, ഏതെങ്കിലും മിത്രസംബന്ധികള് മുതലായവര് ഉണ്ടെങ്കില് തീര്ച്ചയായും അവസാന സമയത്ത് അവരെ ഓര്മ്മ വരും. നിങ്ങള് തന്റെ സര്വ്വതും ശിവബാബയ്ക്കു നല്കിയിരിക്കുന്നു. പിന്നീട് ഇതെന്റെ സാധനമാണെന്ന് മനസ്സിലാക്കരുത്. അത് ബാബയ്ക്കു നല്കി എങ്കില് പിന്നെ ആ സാധനത്തെക്കുറിച്ച് നിങ്ങള്ക്ക് ഓര്മ്മ തന്നെ എന്തിനാണ് വരുന്നത്. നിങ്ങള് അതിനെ മറക്കൂ. അഥവാ അത് ഓര്മ്മയില് വന്നുകൊണ്ടിരിക്കുകയാണെങ്കില് അത് പിന്നീട് നിങ്ങള്ക്കു തന്നെ നഷ്ടമുണ്ടാക്കും. ഇപ്പോള്നിങ്ങള്ക്ക് ഈ പുതിയ പുതിയ കാര്യങ്ങളെല്ലാം ലഭിക്കുന്നു. പഴയ ഒരു സാധനങ്ങളും നിങ്ങളുടെ പക്കലില്ല. ഏതുപോലെയാണോ പഴയ സാധനങ്ങളെല്ലാം

മരണാനന്തര ക്രിയകള് ചെയ്യുന്നവര്ക്ക് കൊടുക്കാറുള്ളത്, അതേപോലെ നിങ്ങളും നിങ്ങളുടെ സര്വ്വതും ബാബയ്ക്ക് നല്കുന്നു. പിന്നീട് ഓര്മ്മ വരരുത്. ഞാന് സഹോദര (ആത്മാവാണ്)നാണ്. ബാബയുടെ കുട്ടിയാണ്. എന്റെ പക്കല് ഒന്നും തന്നെയില്ല. ഈ ശരീരം പോലുമില്ല. പിന്നെ പുതിയ ലോകത്തില് എല്ലാം പുതിയ സാധനങ്ങള് ലഭിക്കും. അവിടെ രത്നങ്ങളെക്കൊണ്ടും വജ്രങ്ങളെക്കൊണ്ടുമുള്ള മാളികകളില് പോകും. ഇതെല്ലാം ഭാവിയിലെ കാര്യങ്ങളാണ്. ബാബ ചോദിക്കുന്നു-കുട്ടികളേ, നിങ്ങള് ഭാവിയില് എന്തായിത്തീരും? അപ്പോള് കുട്ടികള് പറയുന്നു-ബാബാ... ഞങ്ങള് നാരായണനായി മാറും. ഇത് സന്തോഷത്തിന്റെ കാര്യമാണല്ലോ. എന്നാല് നിങ്ങള്ക്കിപ്പോള് ഒരു പഴയ വസ്തുക്കളും ഓര്മ്മ വരരുത്, അപ്പോഴേ മാലയിലെ മുത്തായി മാറൂ. 108ന്റെ മാലയാണെങ്കില് രാജ്യപദവിയുള്ളവരുടേതാണ്. ക്ഷേത്രങ്ങളില് പിന്നെ 16108ന്റെയും മാല വെച്ചിട്ടുണ്ട്. അതുകൊണ്ട് വളരെയധികം പേര് മാലയിലെ മുത്താകുന്നു. എത്ര പെട്ടെന്ന് ആദ്യം തന്നെ സ്വര്ഗ്ഗത്തിലേക്ക് വരുന്നുവോ അത്രയും സുഖം പ്രാപ്തമാകും. ആരാണോ അവസാനം വരുന്നത് അവര്ക്ക് ഇത്ര സുഖമൊന്നും പ്രാപ്തമാക്കാനാവില്ല. അവര്ക്ക് കുറച്ച സമയത്തേക്ക് സുഖം ലഭിക്കും. അതുകൊണ്ട് ദുഃഖവും കുറവേ ലഭിക്കൂ.

അതുകൊണ്ട് ബാബ പറയുന്നു-കുട്ടികളേ, ഈ കാര്യം ഓര്മ്മയില് വെക്കൂ-അവസാനസമയത്ത് ഒന്നും ഓര്മ്മ വരരുത്. എന്താണോ അര്പ്പിച്ചത് അതും ഓര്മ്മ വരരുത്. ഇവിടെ ഉപയോഗശൂന്യമാകുന്ന ഒരു വസ്തുവും ബാബ സ്വീകരിക്കില്ല കാരണം അതിന് പ്രതിഫലമായി ബാബയ്ക്ക് സത്യയുഗത്തില് നല്കേണ്ടി വരുമല്ലോ. ഞാന് ഏഴകളുടെനാഥനാണ്. ചിലര് ബാബയ്ക്ക് നല്കിയതിനുശേഷം പിന്നീട് എന്തെങ്കിലും കാരണവശാല് ഓടിപ്പോയാല് അവര് അത് തിരികെ ചോദിക്കുന്നു. മായ അവരെ ദംശിക്കുന്നു. ഇല്ലെങ്കില് ഇങ്ങനെയാവണം- അടിച്ചോളൂ, സ്നേഹിച്ചോളൂ. എന്നാലും ഈ കുട്ടി അങ്ങയുടെ വാതില്ക്കല് വിട്ട് പോകില്ല. ഒരിക്കലും മറക്കില്ല. നിങ്ങള് കുട്ടികള് നരനില് നിന്ന് നാരായണനാവാന് വേണ്ടി വന്നിരിക്കുകയാണ്. നിങ്ങള്ക്ക് എത്ര വലിയ സമ്പത്താണ് ലഭിക്കുന്നത്. പിന്നെ എന്താണ് ഇങ്ങനെ പറയുന്നത്- 'ഞാന് കൊടുക്കുന്നു'. നിങ്ങള് ബാബയില് നിന്നും എടുക്കുകയല്ലേ ചെയ്യുന്നത്. ഇവിടെ ആരോടും ബാബ എന്തെങ്കിലും നല്കാനായി ആവശ്യപ്പെടുന്നില്ല. ഇവിടെ ആരെങ്കിലും ഒരു പൈസയെങ്കിലും കൊടുക്കുകയാണെങ്കില് അവര്ക്കായി സത്യയുഗത്തില് മാളിക ലഭിക്കും-ഏതുപോലെ കുചേലന് ഒരുപിടി അവില് കൊടുത്ത് കൊട്ടാരം നേടിയത്. അതുപോലെ കുട്ടികളും കുചേലനെപ്പോലെ പരിപ്പ്, അരി മുതലായവ കൊണ്ടുവരുന്നു. ഇതിലൂടെ നമുക്ക് കൊട്ടാരം ലഭിക്കുമെന്ന് മനസ്സിലാക്കുന്നു. ഇങ്ങനെയുള്ള കുട്ടികളില് ബാബയ്ക്ക് വളരെയധികം സന്തോഷമുണ്ട്. ആഹാ..ഈ കുട്ടിയ്ക്ക് പുതിയ ലോകത്തില് കൊട്ടാരം ലഭിക്കുവാന് പോകുന്നു. എന്തുകൊണ്ടെന്നാല് വളരെ സ്നേഹത്തോടെയും സദ്ഭാവനയോടെയുമാണ് കൊണ്ടുവരുന്നത്. ആഹാ... ഇങ്ങനെയുള്ള കുട്ടികളുടെ ഭാഗ്യം!! ഇവര്ക്ക് വളരെ ഉയര്ന്ന പദവി ലഭിക്കുന്നു.

ഇപ്പോള് ഡ്രാമാ പ്ലാനനുസരിച്ച് ബാബയുടെയും നിങ്ങള് കുട്ടികളുടെയും ഓരോ ചുവടിലും കല്പം മുമ്പ് സംഭവിച്ചതു തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ ഓരോ ചുവടിലും കോടികളുണ്ട്. ദേവതകളുടെ കാലുകളില് താമര കാണിക്കാറുണ്ട്. എന്നാല് ഇതിനും എന്തെങ്കിലും അര്ത്ഥമുണ്ടാകുമല്ലോ. ഇപ്പോള് നിങ്ങളുടെ കോടികളുടെ ബിസിനസാണ് നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങള് ബാബയുടെ അടുത്ത് കോടികോടിപതിയായി മാറുന്നതിനു വേണ്ടി വന്നിരിക്കുകയാണ്. അതുകൊണ്ട് നിങ്ങള് ഇത്രയും മഹാ മഹാ മഹാ ഭാഗ്യശാലിയാണ്. എന്നാല് ഇതിലും പിന്നെ നമ്പര്വാര് പുരുഷാര്ത്ഥമനുസരിച്ചാണ്. നിങ്ങളുടെ പുരുഷാര്ത്ഥവും കല്പകല്പത്തേതു പോലെ ഡ്രാമയുടെ പ്ലാനനുസരിച്ച് നടക്കുന്നു. അതുപോലെത്തന്നെ ഡ്രാമ നിങ്ങളെക്കൊണ്ട് പുരുഷാര്ത്ഥം ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈശ്വരനും ഡ്രാമയനുസരിച്ച് നിങ്ങള്ക്ക് നിര്ദേശം നല്കുന്നു. അതുകൊണ്ട് എല്ലാം ഡ്രാമയനുസരിച്ചാണ്. പിന്നെ ഈ ഡ്രാമ ആരുടെ വശത്താണ്? കുട്ടികളെ-ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടതാണ്. ഈ ഡ്രാമ എപ്പോള് ഉണ്ടാക്കിയതെന്ന് ആര്ക്കും പറയാന് സാധിക്കില്ല. ഇത് കറങ്ങിക്കൊണ്ടേയിരിക്കും. ഡ്രാമയില് നമ്പര്വണ് നിര്ദേശം ലഭിക്കുന്നത് ഈശ്വരന്റെയാണ്. അതുകൊണ്ടാണ് ഇതിനെ പറയുന്നത്-ഈശ്വരീയമതം-ഇതിലൂടെ നിങ്ങള് ദേവതയായി മാറുന്നു. മനുഷ്യന്റെ മതത്തിലൂടെ അഴുക്കായി മാറുന്നു. ഈശ്വരീയമതത്തിലൂടെ നിങ്ങള് മനുഷ്യനില് നിന്ന് ദേവതയായി മാറുന്നു. 21 ജന്മത്തിനു ശേഷം മനുഷ്യമതത്തിലൂടെ മനുഷ്യനായി മാറുന്നു. ഇപ്പോള് ഗീതയുടെ എപ്പിസോഡ് ഈ സംഗമയുഗമാണ്, ഈ സമയത്താണ് ലോകത്തിന്റെ പരിവര്ത്തനമുണ്ടാകുന്നത്. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം തന്നെ കുട്ടികളുടെ ബുദ്ധിയിലുണ്ടായിരിക്കണം. കുട്ടികള് വളരെ വളരെ മധുരമധുരമായി മാറുകയും വേണം. സ്നേഹത്തോടുകൂടി

പെരുമാറണം. ഏതു കുട്ടികളാണോ ശാന്തവും മധുരവുമാകുന്നത് അവരുടെ പദവിയും ഉയര്ന്നതായിരിക്കും. ഇപ്പോള് നിങ്ങള്ക്ക് ഈശ്വരീയബുദ്ധി ലഭിച്ചിരിക്കുകയാണ്. നിങ്ങളിപ്പോള് മനസ്സിലാക്കി നമ്മള് പരിധിയില്ലാത്ത ബാബയുടെ സന്താനമായി മാറിയിരിക്കുന്നു. ബാബയില് നിന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കയാണ്. അതുകൊണ്ട് അളവറ്റ സന്തോഷമുണ്ടായിരിക്കണം. ബാബ പറയുന്നു-കുട്ടികളേ, സ്വര്ഗ്ഗത്തെക്കാള് വളരെ ഉയര്ന്ന പദവിയാണ് നിങ്ങള്ക്ക് ഇവിടെയുള്ളത്. ബാബ നിങ്ങളെ പഠിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഭഗവാനുവാചാ-ഞാന് നിങ്ങളെ ഡബിള് കിരീടധാരി, രാജാക്കന്മാരുടെയും രാജാവാക്കി മാറ്റുന്നു. അതുകൊണ്ട് തന്റെ ഭാഗ്യത്തെക്കുറിച്ച് നിങ്ങള്ക്ക് വളരെ സന്തോഷം ഉണ്ടായിരിക്കണം. ആഹാ! ബാബ വന്ന് എത്ര ഭാഗ്യമാണ് നമുക്കുണ്ടാക്കിത്തരുന്നത്. കല്ല് പോലെയുള്ള ജീവിതത്തെ വജ്രതുല്യമാക്കിമാറ്റുന്നു. ശരി.

വളരെക്കാലത്തെ വേര്പാടിന് ശേഷം തിരികെ ലഭിച്ച കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഉയര്ന്ന പദവി പ്രാപ്തമാക്കുന്നതിനു വേണ്ടി വളരെ വളരെ ശാന്തചിത്തരായിരിക്കണം. മധുരമായി മാറണം, എല്ലാവരോടുമൊപ്പം വളരെ സ്നേഹത്തോടെയിരിക്കണം.

2) എന്തെല്ലാമാണോ ബാബയിലര്പ്പിച്ചത്, അതിനെ മറക്കണം. അതിന്റെ ഓര്മ്മ പോലും വരരുത്. നമ്മള് ബാബയ്ക്കു കൊടുക്കുകയാണെന്ന സങ്കല്പം ഒരിക്കലും വരരുത്.

വരദാനം :- ബ്രാഹ്മണ ജീവിതത്തില് കാമമാകുന്ന മഹാശത്രുവിനോടൊപ്പം അതിന്റെ സര്വ്വ സംബന്ധികള്ക്കും വിട നല്കുന്ന സമ്പൂര്ണ്ണ പവിത്രരായി ഭവിക്കൂ

ബ്രാഹ്മണ ജീവിതത്തില് ഏതുപോലെയാണോ കാമമാകുന്ന മഹാശത്രുവിനെ ജയിക്കുന്നതിന് വേണ്ടി വിശേഷ ശ്രദ്ധ വയ്ക്കുന്നത്, അതുപോലെ അതിന്റെ സര്വ്വ സംബന്ധികള്ക്കും വിട നല്കൂ. പല കുട്ടികളും ക്രോധമാകുന്ന മഹാഭൂതത്തെ ഓടിക്കുന്നുണ്ട് എന്നാല് ക്രോധത്തിന്റെ ഭാര്യ-മക്കളോട് അല്പം പ്രീതി വയ്ക്കുന്നു. ഏതുപോലെയാണോ ചെറിയ കുട്ടികളെ നല്ലതായി തോന്നുന്നത് അതുപോലെ ഈ ക്രോധത്തിന്റെയും കുട്ടികളെ ഇടക്കിടക്ക് പ്രിയപ്പെട്ടതായി തോന്നുന്നു, എന്നാല് സമ്പൂര്ണ്ണ പവിത്രമെന്ന് അപ്പോള് പറയും എപ്പോഴാണോ ഒരു വികാരത്തിന്റെയും അംശം പോലും ഉണ്ടായിരിക്കാത്തത്. ഇങ്ങനെയുള്ള ഉറച്ച വ്രതമെടുക്കൂ അപ്പോള് പറയും സത്യമായ ബ്രാഹ്മണന്.

സ്ലോഗന് :- സംഗമയുഗത്തിന്റെ ആനന്ദത്തിന്റെ അനുഭവം ചെയ്യണമെങ്കില് മായയുടെ അധീനതയില് നിന്ന് സ്വതന്ത്രമാകൂ.